LIBRARY ARCHIVES Kerala Legislative Assembly

വ്യാജ സി. ഡി.

* 11 [161] ശ്രീ. കെ. എൻ. എ. ഖാദർ:

,, യു. സി. രാമൻ:

,, വി. കെ. ഇബ്രാഹിംകുഞ്ഞ്:

,, സി. മോയിൻ കുട്ടി:

,, കെ. കുട്ടി അഹമ്മദ് കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലയാള സിനിമാ പ്രതിസന്ധിയ്ക്ക് ഒരു പരിധിവരെ കാരണം വ്യാജ സി.ഡി.-കളാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വ്യാജ സി.ഡി. വിൽപ്പനയും നിർമ്മാണവും തടയുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കുമോ;

(സി) ഇതിന്റെ ഭാഗമായി എത്ര കുറ്റക്കാരെ കണ്ടെത്തിയിട്ടുണ്ട്;

(ഡി) ഇവർക്കെതിരെ എന്ത് നിയമ നടപടി സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) ഉണ്ട്.

(ബി) വ്യാജ സി.ഡി. നിർമ്മിക്കുന്നതും വിതരണം ചെയ്യുന്നതുമായി സംശയമുള്ള സ്ഥാപനങ്ങളെ നിരീക്ഷിച്ചും രഹസ്യമായും അല്ലാതെയും ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ റെയ്ഡുകൾ നടത്തിയും കുറ്റക്കാർക്കെതിരെ കോപ്പി റൈറ്റ് ആക്ട് പ്രകാരം കർശന നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇത്തരത്തിലുള്ള 7766 റെയ്ഡുകൾ നടത്തുകയും 285 കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(സി) ഇതിന്റെ ഭാഗമായി രജിസ്റ്റർ ചെയ്ത 285 കേസ്സുകളിലായി 326 പേരെ അറസ്റ്റ് ചെയ്ത് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) കോപ്പി റൈറ്റ് ആക്ട് പ്രകാരം കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി കുറ്റപത്രം കോടതി മുമ്പാകെ സമർപ്പിക്കുന്നുണ്ട്.

സിനിമാ പ്രദർശനത്തിന് വിനോദ നികുതി ഇളവ് ചെയ്യാൻ നടപടി

* 12 [162] ശ്രീ. ഇസ്ഹാക്ക് കുരിക്കൾ:

,, റ്റി. പി. എം. സാഹിർ:

,, ഇ. ടി. മുഹമ്മദ് ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ പ്രദർശനത്തിന് ഇതര സംസ്ഥാനങ്ങളിൽ വിനോദ നികുതി ഇളവ് അനുവദിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കേരളത്തിലും ഇപ്രകാരം ഇളവ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ഇത് എന്നുമുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ;

(ഡി) സിനിമാ പ്രദർശനത്തിന് ചുമത്തിയിട്ടുള്ള അധിക വിനോദ നികുതി ഒഴിവാക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ഇതിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(എഫ്) ഷോ ടാക്സ് നിർത്തലാക്കണമെന്ന ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) എങ്കിൽ ഇത് നിർത്തലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. ചെർക്കളം അബ്ദുള്ള):

(എ) ഉണ്ട്.

(ബി ആന്റ് സി) സർക്കാരിന്റെ പരിഗണനയിലാണ്.

(ഡി ആന്റ് ഇ) അധിക വിനോദ നികുതിയ്ക്ക് ആധാരമായ 1963-ലെ കേരള അഡീഷണൽ ടാക്സ് ഓൺ എന്റർടെയിൻമെന്റ് ആന്റ് സർച്ചാർജ്ജ് ഓൺ ഷോ ടാക്സ് ആക്ട്, 2000-ലെ "കേരള ഡിസെൻട്രലൈസേഷൻ ഓഫ് പവേഴ്സ് ആക്ട്" സെക്ഷൻ 36 പ്രകാരം റദ്ദ് ചെയ്തിട്ടുള്ളതാണ്. അതോടൊപ്പം, പ്രസ്തുത ആക്ടിലെ സെക്ഷൻ 22 പ്രകാരം 1961-ലെ കേരളാ ലോക്കൽ അതോറിറ്റീസ് എന്റർടെയിൻമെന്റ് ആക്ട് ഭേദഗതി ചെയ്തുകൊണ്ട് നിലവിൽ ഉണ്ടായിരുന്ന വിനോദ നികുതിയും അധിക വിനോദ നികുതിയും ലയിപ്പിച്ച് വിനോദ നികുതിയുടെ നിരക്ക് ഉയർത്തി നിശ്ചയിച്ചിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) ഉദ്ദേശിക്കുന്നില്ല.

പുകയില ജന്യ രോഗങ്ങൾ

* 13 [163] ശ്രീ. റോഷി അഗസ്റ്റിൻ:

,, തോമസ് ചാഴികാടൻ:

,, കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാധാരണ ജനങ്ങളുടെ ഇടയിൽ പുകയില ജന്യ രോഗങ്ങൾ വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതു സംബന്ധിച്ച് സർവേ നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ സർവേ ഫലം വെളിപ്പെടുത്തുമോ;

LIBRARY ARCHIVES Kerala Legislative Assembly